**പതിമൂന്നാം കേരളനിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2124 07.12.2015 ന് മറുപടിയ്ക്ക്.

**വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) വനപ്രദേശങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിളിന്റെ കീഴിൽ 7 കേസ്സുകളും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിളിന്റെ കീഴിൽ 1 കേസ്സും വനം വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) മാവോയിസ്റ്റ് സാന്നിദ്ധ്യം തിരിച്ചറിയുന്നതിനും ചെറുക്കുന്നതിനുമായി വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) മാവോയിസ്റ്റ് സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി വനസംരക്ഷണ വിഭാഗം ജീവനക്കാരെ വനമേഖലയിൽ നിയോഗിക്കുകയും, സ്ട്രൈക്കിംഗ് ഫോഴ്സ്, സ്റ്റേഷനുകളിലെ സംരക്ഷണവിഭാഗം ജീവനക്കാർ എന്നിവരുടെ പകൽ-രാത്രി കാല പട്രോളിംഗുകൾ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. കേരള, തമിഴ്നാട് സംസ്ഥാനങ്ങളുടെ വനാതിർത്തികളിൽ വനം-പോലീസ് ഉദ്യോഗസ്ഥർ സംയുക്ത പട്രോളിംഗ് നടത്തി വരുന്നു. കൂടാതെ വനജാഗ്രതാ സമിതി, വനസംരക്ഷണ സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും വനപ്രദേശങ്ങളിൽ അപരിചിതരായ ആളുകൾ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും ഇക്കാര്യത്തിൽ ബോധവൽക്കരണം നൽകുകയും ചെയ്തുവരുന്നു. |
| (സി) മാവോയിസ്റ്റുകളെ നേരിടുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് ആധുനിക ആയുധങ്ങളും പരിശീലനവും നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) മാവോയിസ്റ്റുകളെ നേരിടുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് ആധുനിക ആയുധങ്ങളും പരിശീലനവും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.